# രൂപഭദ്രതാവാദം:
# സാഹിത്യവിമർശനത്തിലെ ധൈഷണികവ്യാപാരം

**അഞ്ജുമോൾ ബാബു**
എം.ഫിൽ. മലയാളം, ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല, കാലടി

ആമുഖം

മലയാള വിമർശനപദ്ധതി ചുരുങ്ങിയകാലംകൊണ്ടുതന്നെ ക്രമികമായ വികാസത്തിനു പാത്രമായി. ഭാഷയ്ക്കും സാഹിത്യത്തിനുമുള്ളതുപോലെ നൂറ്റാണ്ടുകൾക്കുപിന്നിൽ വേരുകളും അടയാളങ്ങളുമൊന്നുമില്ലെങ്കിലും ബഹുമുഖമായ സ്വരൂപസാധ്യതകൾ അതിനു കൈവന്നു. വൈവിധ്യംനിറഞ്ഞ വീക്ഷണകോണിലൂടെ സാഹിത്യത്തെ വിലയിരുത്തുന്ന നിരൂപകപ്രതിഭകൾ ഈ മേഖലയിലേക്കു കടന്നുവന്നു. സംസ്കൃതത്തിന്റെയോ ഇംഗ്ലീഷിന്റെയോ വിമർശനസാധ്യതകൾ മലയാളത്തിലേക്ക് സമന്വയിപ്പിച്ചവരും അതിൽ നിന്നുരുത്തിരിഞ്ഞ പുതുമാതൃകകൾ അവതരിപ്പിച്ചവരും അവർക്കിടയിലുണ്ട്.

മാത്രമല്ല, വിമർശനമെന്നനിലയിൽ അവതരിപ്പിക്കപ്പെടുന്ന നൂതനാശയങ്ങൾ പലപ്പോഴും സൂക്ഷ്മനിരീക്ഷണങ്ങളുൾക്കൊള്ളുന്ന അഭിപ്രായസംവാദങ്ങൾക്ക് വഴിയൊരുക്കിയിരുന്നു. ഇരുപക്ഷമായി തിരിഞ്ഞുനിന്ന് രൂക്ഷമായ വിമർശനങ്ങളും പ്രതിവിമർശനങ്ങളും ഉന്നയിക്കപ്പെടുമ്പോഴും അവ ആശയസംഘർഷം മാത്രമായവസാനിച്ചിരുന്നില്ല. നൂതനാശയങ്ങളുടെ രൂപീകരണത്തിനും അവ സഹായകമായി. പ്രാസവാദം, കവിരാമായണ യുദ്ധം, ബാലാകലേശവാദം മുതലായവയൊക്കെ സാഹിത്യത്തെയും കലയെയും കുറിച്ച് വിമർശബുദ്ധിയോടെ ചിന്തിക്കാനും പ്രതികരിക്കാനും പ്രേരിപ്പിക്കുന്നതായിരുന്നു. ഇവയോട് ചേർത്തുവെയ്ക്കാവുന്ന ഒരു ആശയസംവാദസ്വഭാവമാണ്

രൂപഭദ്രതാവാദത്തിനുമുള്ളത്. പില്ക്കാലത്ത് മലയാള വിമർശനപദ്ധതിയിലെ എണ്ണപ്പെട്ട പ്രയോഗമാതൃകയായിത്തീർന്ന രൂപഭദ്രതാവാദത്തിന്റെ സന്ദർഭവും പ്രസക്തിയും തുടർച്ചയും അന്വേഷിക്കുകയും വിലയിരുത്തുകയുമാണ് പ്രബന്ധ ലക്ഷ്യം.

രൂപഭദ്രത: പ്രയോഗം സാഹചര്യം

ഓരോരോ കാലഘട്ടങ്ങളിലും പൊതുജീവിതയുക്തിയനുസരിച്ചാണ് ആശയധാരകളും നിയമസംഹിതകളും സാഹിത്യത്തിൽ രൂപപ്പെട്ടത്. ക്ലാസിക് നിയോ-ക്ലാസിക് പ്രവണതയുടെ പാരമ്പര്യബദ്ധതയ്ക്കും കാല്പനികതയുടെ വൈയക്തിക ഭാവനകൾക്കും റിയലിസത്തിന്റെ വസ്തുനിഷ്ഠ യാഥാർത്ഥ്യ ബോധത്തിനും സാമൂഹികമണ്ഡലത്തിലെ ജീവിതാനുഭവങ്ങളുടെ പരിവർത്തനങ്ങളുമായി സ്വാഭാവികമായ ബന്ധമുണ്ട്. അതുകൊണ്ടുതന്നെ സാമൂഹികയുക്തിയുടെ മാറ്റങ്ങൾക്കനുസരിച്ച് സാഹിത്യം ആദരിക്കുന്ന തത്വങ്ങളും വ്യത്യാസപ്പെടുന്നു.

ഇരുപതാം നൂറ്റാണ്ട് ഭാവുകത്വപരമായ വ്യതിയാനങ്ങൾക്ക് നിരന്തരം സാക്ഷ്യംവഹിച്ച കാലഘട്ടമായിരുന്നു. കാല്പനികതയുടെയും യഥാതഥ്യത്തിന്റെയും ദേശീയതയുടെയും മറ്റും ആശയപരിസരത്തുനില്ക്കുന്ന നിരവധി കൃതികളുണ്ടായിക്കൊണ്ടിരുന്നു. വർഗസമരങ്ങളുടെ ആശയമണ്ഡലത്തിൽ നിലകൊള്ളുന്ന മാർക്സിസവും മലയാളിയുടെ ജീവിതാവബോധങ്ങളിലേക്കും സാഹിത്യാനുഭവത്തിലേക്കും കടന്നുവരുന്നതും ഈ കാലഘട്ടത്തിലാണ്. ലോകമൊട്ടാകെ സാഹിത്യവിമർശന രംഗത്ത് നവോന്മേഷവും ആശയദാർഢ്യവും കൊണ്ടുവന്ന ഈ വിമർശന പദ്ധതി സാഹചര്യബദ്ധമായ മാറ്റങ്ങളോടെയാണ്[1] കേരളത്തിൽ സ്വീകരിക്കപ്പെട്ടത്.

സാഹിത്യ-കലാവിമർശനരംഗങ്ങളിൽ മാർക്സിസം സ്പഷ്ടമായ മാറ്റങ്ങൾ വരുത്തി. സാഹിത്യത്തിലെ കലാനിഷ്ഠമായ സൗന്ദര്യവാദങ്ങൾ[2]ക്കെതിരെ സാമൂഹിക പ്രതിബദ്ധതയുടെ പാഠങ്ങളുടെ ശക്തി പ്രാപിക്കലാണ് ജീവത്സാഹിത്യം, പുരോഗമനസാഹിത്യം മുതലായ സംരംഭങ്ങളുടെ വളർച്ചയിലൂടെ വ്യക്തമാകുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയുടെ അവസാനത്തിൽ ശക്തിപ്രാപിച്ച ഈ പാരമ്പര്യങ്ങളോടനുബന്ധിച്ചാണ് രൂപഭദ്രതാവാദം ഉടലെടുക്കുന്നത്.

പൗരസ്ത്യസാഹിത്യവിചാരങ്ങളിൽ രൂപഭാവങ്ങളെക്കുറിച്ചുള്ള ചർച്ചകൾ മുമ്പും ഉണ്ടായിട്ടുണ്ട്. മലയാളിയുടെ സൗന്ദര്യബോധം ആ ചർച്ചകളെക്കുറിച്ച് വിചിന്തനം ചെയ്തിട്ടുമുണ്ട്. എങ്കിലും, ഒരു പ്രത്യേക

ഉദ്ദേശ്യലക്ഷ്യത്തോടെ 'രൂപഭദ്രത' എന്ന പ്രയോഗം ഉന്നയിച്ചത് ജോസഫ് മുണ്ടശ്ശേരിയാണ്. വിമർശകത്രയത്തിലൊരാളായ അദ്ദേഹം രൂപഭദ്രതയെക്കുറിച്ച് സ്പഷ്ടമായ നിർദ്ദേശം വയ്ക്കുന്നത് 1947ലെ ഡിസംബർ ലക്കം മംഗളോദയ[3]ത്തിൽ തകഴി ശിവശങ്കരപ്പിള്ളയുടെ തോട്ടിയുടെ മകൻ[4] നിരൂപണം ചെയ്തുകൊണ്ടുള്ള എഴുത്തിലാണ്. 'പ്രതിപാദ്യം എന്തായാലും കൊള്ളാം, പ്രതിപാദ്യമേ ഇല്ലെന്നായാലും കൊള്ളാം, പ്രതിപാദിക്കുന്നത് വടിവൊത്ത വാക്യങ്ങളിലായാൽ നല്ല സാഹിത്യമായെണ്ണിയിരുന്ന മുമ്പ്, ഇപ്പോഴാകട്ടെ പ്രതിപാദ്യം ജനകീയമാണെങ്കിൽപ്പിന്നെ, ഒരൊറ്റ വായനയ്ക്കു മനസിലാകുംവിധം ഭാഷപ്പെടുത്തിയിരിക്കുകയേ വേണ്ടൂ, സാഹിത്യമാവണമെന്നൊരു നിലയാണ്. പരമാർത്ഥത്തിൽ രണ്ടുമാവശ്യമാണ്. ആ വടിവൊത്ത വാക്യങ്ങളും ജനകീയമായ പ്രതിപാദ്യവും. പക്ഷേ ഒരു വിഷമം; ഒറ്റയ്ക്കൊറ്റയ്ക്കെന്നല്ല രണ്ടും ഒരുമിച്ചുനിന്നാൽ തന്നെ സാഹിത്യമാവുമോ? അതൊരു ചോദ്യമാണ്. ഒരു കലയായിട്ടാണ് സാഹിത്യത്തെ വീക്ഷിക്കുന്നതെങ്കിൽ, നല്ലനല്ല വാക്യങ്ങളും പോരാ, ജനകീയ കാര്യങ്ങളും പോരാ; ആ രണ്ടിലും കവിഞ്ഞ് ഒന്നുകൂടി വേണം രൂപഭദ്രത' (ജോസഫ് മുണ്ടശ്ശേരി, 2004) എന്നായിരുന്നു അദ്ദേഹത്തിന്റെ നിരീക്ഷണം.

വാസ്തവത്തിൽ മുണ്ടശ്ശേരി ഇങ്ങനെയൊരു അഭിപ്രായം മുൻപോട്ടുവയ്ക്കുന്നത് ആദ്യമായല്ല. കാവ്യപീഠികയിലും[5] മാനദണ്ഡത്തിലും[6] കരിന്തിരിയിലും[7] ഇതിന്റെ കാരണങ്ങൾ കാണാം. എന്തായാലും 'തോട്ടിയുടെ മകൻ' നോവലിന്റെ നിരൂപണത്തിൽ അദ്ദേഹം സന്ദർഭവശാൽ ഉപയോഗിച്ച 'രൂപഭദ്രത' എന്ന വാക്ക് വലിയ വിമർശനസംഘർഷത്തിനുതന്നെ കാരണമായി. 'സാഹിത്യത്തിന്റെ പ്രചാരണം പ്രധാനമായ, പ്രതിപാദ്യാംശത്തിൽ മാത്രം ശ്രദ്ധിച്ചിരുന്ന പുരോഗമന സാഹിത്യപ്രസ്ഥാനത്തിലെ കമ്മ്യൂണിസ്റ്റു ചേരിക്കാർക്കിത് അഭിമതമായില്ല. അവർ മുണ്ടശ്ശേരിയെ രൂപമാത്രവാദിയെന്ന അർത്ഥത്തിൽ ഫോർമലിസ്റ്റ് എന്നു വിളിച്ച് ആക്ഷേപിച്ചു (രവികുമാർ കെ.എസ്, 2008: 170).

### ഫോർമലിസം

റഷ്യയിൽ ഉദയംകൊണ്ട സാഹിത്യനിരൂപണധാരയാണ് ഫോർമലിസം. 'കലാപരവും സൗന്ദര്യാത്മകവുമായ അവബോധത്തിന്റെ പ്രത്യേകത രൂപസംവേദനമാണെന്ന് ഫോർമലിസ്റ്റുകൾ എടുത്തുപറയുന്നു' (ചാക്കോ പി.ടി, 1998: 15). ബാഹ്യമായ യാതൊരു ഘടകങ്ങളുമായും ബന്ധപ്പെടാതെ നില്ക്കുന്ന ഒരു സ്വതന്ത്രാസ്തിത്വം കൃതിയ്ക്കുണ്ട് എന്നാണ് അവരുടെ അവകാശവാദം. 'ഗ്രന്ഥകർത്താവും അയാളുടെ ജീവിതവും

സാഹചര്യങ്ങളും ഒന്നുമല്ല, ഗ്രന്ഥമെന്ന വാങ്മയം മാത്രമാണ് പഠനീയം എന്ന് ഫോർമലിസ്റ്റുകൾ ശഠിച്ചു' (ലീലാവതി എം, 2008: 67). ശുദ്ധകലാവാദവുമായും രൂപഭദ്രതാവാദവുമായും തത്വത്തിൽ വ്യത്യാസം പുലർത്തുന്ന ഒരു നിരൂപണശാഖയാണിത്.

മുണ്ടശ്ശേരിയുടെ രൂപഭദ്രതാ പ്രയോഗത്തെ അടിസ്ഥാനമാക്കി ഫോർമലിസ്റ്റ് എന്നു വിളിച്ചവർ ഫോർമലിസത്തെയും രൂപഭദ്രതയെയും മനസിലാക്കിയിരുന്നില്ല എന്നതാണ് വാസ്തവം. 'രൂപഭദ്രതയ്ക്കായി വാദിക്കുന്നവർ പറയുംപോലെ ഭാവത്തെ സുന്ദരമായി ശില്പത്തിലൂടെ ആവിഷ്കരിക്കുക എന്നല്ല ഫോർമലിസ്റ്റുകൾ പറയുന്നത്, ഉള്ളടക്കം അപ്രധാനമാണെന്നാണ്. ഉള്ളടക്കത്തെ അവർ പരിഗണിക്കുന്നേയില്ല' (അച്യുതൻ എം, 2011: 401). ഫോർമലിസത്തിന് റഷ്യയിൽ സ്റ്റാലിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിൽനിന്നും എതിർപ്പ് നേരിടേണ്ടി വന്നതുപോലെ രൂപഭദ്രതാവാദം കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയഗതിക്കാരാൽ എതിർക്കപ്പെട്ടു. പക്ഷേ ഫോർമലിസം പോലെ കമ്മ്യൂണിസ്റ്റ് ചിന്താഗതികളോട് ഇടഞ്ഞുനില്ക്കുന്ന ഒന്നായിരുന്നില്ല രൂപഭദ്രതാവാദം. മുണ്ടശ്ശേരിതന്നെ പിന്നീട് വിവാദങ്ങൾക്കു മറുപടിയെഴുത്തെന്നോണം രൂപഭദ്രതാവാദത്തെ ഗൗരവതരമായി ചർച്ചചെയ്തവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്.

### മറുപടിയെഴുത്ത്

രൂപഭദ്രതയുടെ പേരിലുണ്ടായ ഗൗരവതരമായ സാഹിത്യസംവാദങ്ങൾക്കുശേഷം അദ്ദേഹം താനുന്നയിച്ച ആശയങ്ങളെ കുറച്ചുകൂടി ചിട്ടപ്പെടുത്തി 1951ൽ 'രൂപഭദ്രത' എന്ന പേരിൽ ഒരു കൃതി പ്രസിദ്ധീകരിച്ചു. 'കല എന്തിനുവേണ്ടി', 'രൂപഭദ്രത എന്നാൽ', 'റിയലിസം മുന്നോട്ട്' എന്ന് മൂന്ന് ഭാഗങ്ങളായാണ് ഇതു ചിട്ടപ്പെടുത്തിയിരിക്കുന്നത്.

'കല എന്തിനുവേണ്ടി' എന്ന ആദ്യഭാഗത്ത് മലയാളസാഹിത്യരംഗത്ത് നിലനില്ക്കുന്ന സാഹചര്യങ്ങളെ കൃത്യമായി വിലയിരുത്തിയതിനു ശേഷം കല എന്തിനുവേണ്ടിയെന്ന നിരീക്ഷണം മുന്നോട്ടുവെയ്ക്കുന്നു. മാത്രമല്ല പുരോഗമന സാഹിത്യത്തിന്റെ തത്ത്വശാസ്ത്രങ്ങളെ പരിചയപ്പെടുത്താനും തന്റെ വീക്ഷണങ്ങൾ അതിൽനിന്ന് വ്യതിചലിക്കുന്നതെവിടെയെന്ന് വ്യക്തമാക്കാനും അദ്ദേഹം ഈ ഭാഗം ഉപയോഗിക്കുന്നു.

'രൂപഭദ്രത എന്നാൽ' എന്ന രണ്ടാം ഭാഗത്താണ് താനുന്നയിച്ച രൂപഭദ്രതയുടെ പൊരുളും തെളിച്ചവും അദ്ദേഹം അവതരിപ്പിക്കുന്നത്. സംസ്കാരഭദ്രമായ മനസ്സിൽ കലാകാരനുണ്ടാകുന്ന വികാരങ്ങളും വിചാരങ്ങളും

അനുവാചകനുമുന്നിൽ സംവേദനക്ഷമമായവതരിപ്പിക്കാൻ എഴുത്തുകാരൻ സ്വീകരിക്കുന്ന പ്രയോഗശൈലിയെയാണ് അദ്ദേഹം രൂപമെന്നതുകൊണ്ടുദ്ദേശിക്കുന്നത്. 'കലാകാരന്റെ അന്തരിന്ദ്രിയത്തിൽ അടയാളപ്പെട്ടതും എന്നാൽ അന്യർക്കവിഷയമായിട്ടുള്ള ഒന്നിനെ പരേന്ദ്രിയഗോചരമാക്കുന്നതെന്തോ, അതുതന്നെ അതിനെത്തന്നെയാണ് കലാരൂപമെന്നു വിളിക്കുന്നത്, ആ രൂപത്തിലൂടെയല്ലാതെ കലാകാരന്റെ അന്തർഭാവത്തിലേക്കു കടന്നുനോക്കാൻ കഴിയുകയില്ല. അന്തർഭാവത്തെ, ഒരാകാരവുമില്ലാത്ത അവസ്ഥയിൽ, അങ്ങനെതന്നെ ഒപ്പിയെടുത്തു കൈയിൽവച്ചു നോക്കാൻതക്ക യാതൊരുപായവുമില്ലാത്തതുതന്നെ കാരണം' (ജോസഫ് മുണ്ടശ്ശേരി, 2004: 356). ഇങ്ങനെ രൂപത്തെ നിർവചിക്കുവാൻ മാത്രമല്ല അതിന്റെ ആവശ്യകതയെ കാരണസഹിതം സമർത്ഥിക്കുവാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. താനുന്നയിക്കുന്ന രൂപപദ്ധതിയോട് അനുകൂലാശയം പുലർത്തുന്ന ഭാരതീയവും പാശ്ചാത്യവുമായ ചിന്തകളെ അദ്ദേഹം പരിചയപ്പെടുത്തുന്നുമുണ്ട്.

ഉൾക്കനമില്ലാത്ത രൂപനിർമ്മിതിക്ക് അദ്ദേഹം എതിരാണ്. 'ഏതൊരു ഭാവത്തെയും ബഹിരിന്ദ്രിയത്തിലൂടെ ഉള്ളിലേക്കു കടത്താനുള്ളതാണ് രൂപം' (ജോസഫ് മുണ്ടശ്ശേരി, 2004: 358) എന്നതാണ് അദ്ദേഹത്തിന്റെ വീക്ഷണം. ഇതിലൂടെ അദ്ദേഹം ഭാവഭദ്രതയെ നിരാകരിക്കുന്നില്ല എന്നും മികവുറ്റ ഭാവസമന്വയംകൂടി 'രൂപഭദ്രതാ' സങ്കല്പത്തിൽ ഉൾപ്പെടുന്നുണ്ടെന്നും മനസ്സിലാക്കാം. മാത്രമല്ല, ആകെപ്പാടെയുള്ള സാഹിതീയ ഭദ്രതയെതന്നെ വിശദീകരിക്കുവാനുള്ള ശ്രമമാണ് ഇങ്ങനെയൊരു പരികല്പനയിലൂടെ അദ്ദേഹം നടത്തുന്നത്. രൂപഭദ്രതയിലെ രൂപം എന്ന പ്രയോഗത്തിന് സങ്കുചിതാർത്ഥം കല്പിക്കരുതെന്ന് ചുരുക്കം. അതുകൊണ്ടാണ് രൂപഭദ്രതയെന്ന പരിനിഷ്ഠിതാശയത്തെ കൃത്യമായി വ്യക്തമാക്കിയ ശേഷം ഈ സങ്കല്പനത്തിന് 'രൂപഭദ്രതയേക്കാളും ഉചിതാർത്ഥകമായി മറ്റൊരു പദം കാട്ടിത്തരാനുണ്ടെങ്കിൽ സ്വാഗതം ചെയ്യുന്നതിൽ സന്തോഷമേ ഉള്ളൂ' (ജോസഫ് മുണ്ടശ്ശേരി, 2004: 359) എന്ന് അദ്ദേഹം പറയുന്നത്. ഇവിടെ രൂപഭദ്രതയെന്ന പദപ്രയോഗത്തേക്കാൾ അത് വിഭാവനം ചെയ്യുന്ന സങ്കല്പനത്തിനാണ് അർത്ഥസാധ്യതകളേറുന്നതെന്ന് വ്യക്തമാക്കുന്നു.

രൂപഭദ്രതാവാദത്തിനനുഗുണമായി താനുൾപ്പെടെയുള്ള നിരൂപകന്മാരുടെ നിരൂപക പ്രവണതകളെ ഇതിൽ അദ്ദേഹം വിലയിരുത്തുന്നുമുണ്ട്. സാഹിത്യമെഴുത്തിൽ ഒരഭിപ്രായം അഥവാ കാഴ്ചപ്പാട് ഉണ്ടാകണമെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. ഫോർമലിസമെന്താണെന്നവതരിപ്പിച്ച്

താനൊരു ഫോർമലിസ്റ്റല്ലെന്നുകൂടി വ്യക്തമാക്കിക്കൊണ്ടാണ് അദ്ദേഹം രണ്ടാം ഭാഗം അവസാനിപ്പിക്കുന്നത്.

'റിയലിസം മുന്നോട്ട്' എന്ന മൂന്നാംഖണ്ഡത്തിൽ റിയലിസത്തിന്റെ സംസ്കാരവും തത്ത്വങ്ങളും അതിന്റെ സ്വഭാവഭേദങ്ങളോടെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. (മംഗളോദയത്തിലും മറ്റും രൂപഭദ്രതാവാദത്തെ സംബന്ധിച്ച് പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്).

യഥാർത്ഥത്തിൽ വിവാദകാരണമായ തന്റെ രൂപഭദ്രതാ പ്രയോഗത്തെ കുറച്ചുകൂടി സൂക്ഷ്മവും സുദൃഢവുമാക്കി ഒരു സിദ്ധാന്ത പരികല്പനയോടെ അവതരിപ്പിക്കാനുള്ള ശ്രമമാണ് അദ്ദേഹം നടത്തുന്നത്. തനിക്ക് അനുകൂലമായ പൂർവ്വപക്ഷമായവതരിപ്പിച്ച ആശയങ്ങളിലും ഫോർമലിസത്തിന്റെ വിലയിരുത്തലിലുമൊക്കെ പാകപ്പിഴകളുണ്ടെങ്കിലും മലയാള സാഹിത്യവിമർശനരംഗത്ത് ചില നൂതനനിരീക്ഷണങ്ങളവതരിപ്പിക്കാൻ 'രൂപഭദ്രത'യെന്ന ഈ കൃതിക്ക് കഴിഞ്ഞിട്ടുണ്ട്.

രൂപഭദ്രതാവാദം; വിശകലനം വിമർശനം

'മനുഷ്യകഥാനുഗായികൾ' പോലെയുള്ള കൃതികളിൽ മുണ്ടശ്ശേരി അവതരിപ്പിച്ച വിപ്ലവവീര്യങ്ങളിൽനിന്ന് കാവ്യപീഠികയുടെ പാകപ്പെടുത്തലിലേക്കുള്ള മടങ്ങിപ്പോക്കാണ് ഒരു പരിധിവരെ രൂപഭദ്രതാവാദത്തിൽ സംഭവിച്ചത്. 'അദ്ദേഹം തന്റെ പഴയ കൈനിലയിലേക്കു തിരിച്ചുചെന്നു സ്വന്തംനില ഭദ്രമാക്കിവെച്ചതാണ് രൂപഭദ്രത എന്ന പുസ്തകം' എന്ന് സുകുമാർ അഴീക്കോട് (1996: 212) അഭിപ്രായപ്പെടുന്നു. രാഷ്ട്രീയമായ പ്രചാരണങ്ങൾക്കുള്ള ഉപാധിയായി സാഹിത്യത്തെ വികസിപ്പിക്കാൻ കഴിഞ്ഞാൽ അത് ഉത്തമ കൃതിയായി വിലയിരുത്തപ്പെടുന്ന വഴക്കത്തോടുള്ള ശക്തമായ വിയോജനക്കുറിപ്പാണ് രൂപഭദ്രതാവാദം. പക്ഷേ അദ്ദേഹം സാഹിത്യകൃതികളുടെ ഭാവഭദ്രതയെ അപലപിക്കുന്നില്ലതാനും. ഭാവശില്പോത്ഭിന്നമായ രൂപമാണ് അദ്ദേഹത്തിന്റെ സങ്കല്പം.

രൂപഭദ്രതാവാദത്തിനെതിരെ നിരവധി വിമർശനശരങ്ങൾ ഉയർന്നത് ഈ സത്യം മനസിലാക്കാതെയാണ്. കെ.പി.ജിയും എം.എസ്. ദേവദാസും ഇ.എം.എസും എം.പി. മേനോനും ഉൾപ്പെടെയുള്ളവർ രൂപഭദ്രതാവാദത്തിന്റെ ആശയഗരിമയെ എതിർക്കുന്നവരും സാഹിത്യത്തിന്റെ ഭാവഭദ്രതയ്ക്ക് പ്രാധാന്യം നല്കുന്നവരുമായിരുന്നു. 'ലോകവാണി, പുരോഗതി, പ്രവാഹം, ദേശാഭിമാനി, മംഗളോദയം, കമ്മ്യൂണിസ്റ്റ് തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ നടന്ന ആശയസമരം ഒന്നൊതുങ്ങിയത് 1952ൽ മാത്രമാണ്' (ശങ്കരനുണ്ണി കെ, 2006: 138).

പുരോഗമനപരമായ പ്രതിപാദ്യമുള്ള സാഹിത്യസൃഷ്ടിയെക്കുറിച്ച് പ്രഥമമായി ചിന്തിച്ചതുകൊണ്ടാണ് ഈ എതിർപ്പുകൾ പ്രധാനമായും ഉണ്ടായത്. 'ഏതഭിപ്രായത്തെ ഉൾക്കൊള്ളുന്നതായാലും, എഴുത്തുകാരുടെ അന്തർഭാവങ്ങൾ അതാതിന്റെ പാകത്തിൽ ഘടിതരൂപങ്ങളായി പ്രകടീഭവിക്കണം എന്നേ രൂപഭദ്രതയുടെ പേരിൽ ഞാൻ വാദിച്ചിട്ടുള്ളൂ. വാദിക്കുന്നുള്ളൂ. വാദിക്കാനുദ്ദേശിക്കുന്നുള്ളൂ' (ജോസഫ് മുണ്ടശ്ശേരി, 2004: 359) എന്ന് അദ്ദേഹംതന്നെ വ്യക്തമാക്കുന്നുണ്ട്.

ഒരു കാലഘട്ടത്തിൽ ഇടതടവില്ലാത്ത വിമർശനങ്ങൾക്ക് രൂപഭദ്രതാ പ്രയോഗം പാത്രമായെങ്കിലും പിന്നീട് വിമർശകർ തങ്ങളുടെ വാദം പുനരാലോചനയ്ക്കു വിധേയമാക്കി നവീകരിക്കുകയും തിരുത്തുകയും ചെയ്തിട്ടുണ്ട്. രൂപഭദ്രതാ വിമർശനത്തിന്റെ പ്രചാരകരിൽ പ്രമുഖനായ ഇ.എം.എസ്. 'ഒന്നാമത് ഉള്ളടക്കം പുരോഗമനമായാൽ മാത്രം പോരാ, രൂപം ഭദ്രമാവുകകൂടി വേണം എന്ന വാദം അന്ത്യവിശകലനത്തിൽ ശരിയാണ്. ഇതു മനസ്സിലാക്കാൻ കഴിയാതെപോയെന്ന വീഴ്ച ഞങ്ങളുടെ സമീപനത്തിലുണ്ടായിരുന്നു. ചരിത്രപരമായ ഭൗതികവാദത്തെക്കുറിച്ച് ഞങ്ങൾക്കുണ്ടായിരുന്ന അയഥാർത്ഥമായ ധാരണയാണ് ഇതിനുത്തരവാദി' (സുലേഖ എം.ടി, 2003: 56) എന്ന് തിരുത്തിപ്പറയുന്നുണ്ട്.

രൂപഭദ്രതാവാദ വിമർശനത്തിന്റെ പാകപ്പിഴകൾ വിലയിരുത്തുന്നതിനൊപ്പംതന്നെ ഈ വിമർശനപദ്ധതിയുടെ ആശയാവതരണത്തിൽ സംഭവിച്ച പിഴകൾകൂടി ചൂണ്ടിക്കാട്ടേണ്ടതുണ്ട്. 'മാർക്സിസ്റ്റ് സിദ്ധാന്തമനുസരിച്ച് ഭാവത്തിനൊത്ത രൂപം, രൂപത്തിനൊത്ത ഭാവം എന്ന അദ്വൈതമല്ലാതെ രൂപവും ഭാവവും എന്ന ദ്വൈതം സാധുവല്ല' (ഗോവിന്ദപ്പിള്ള പി, 2006: 77). ഇതു മനസ്സിലാക്കാതെ രൂപംകൂടി ഭദ്രമായ ഒരു പുരോഗമന കലാസൃഷ്ടിക്കു വേണ്ടിയാണ് താൻ വാദിച്ചതെന്ന് രൂപഭദ്രതയെന്ന ആദ്യപ്രയോഗത്തിലൂടെ സംവേദനം ചെയ്യാൻ കഴിഞ്ഞില്ലെന്നതാണ് അദ്ദേഹത്തിന്റെ പരാജയം. പൂർവ്വമതങ്ങളും അനുബന്ധ ആശയസംഹിതകളും ഉപയോഗിച്ച് ശക്തിപ്പെടുത്താവുന്ന വിമർശപദ്ധതിയുടെ സാധ്യതകൾ അദ്ദേഹം പൂർണമായി മനസ്സിലാക്കിയില്ലെന്നതും ഇതിനൊപ്പം ചേർത്തുവായിക്കുന്നു.

രൂപഭദ്രതയെ സാധൂകരിക്കാൻ അദ്ദേഹം നടത്തിയ ചുരുക്കം ചില പൂർവ്വാഭിപ്രായങ്ങളുടെ തെരഞ്ഞെടുപ്പിലും പാളിച്ചപറ്റിയിട്ടുണ്ട്. രൂപഭദ്രതാവാദവും ഇമേജിനെ സംബന്ധിച്ച പാശ്ചാത്യസങ്കല്പവും തമ്മിലും രൂപഭദ്രതയും രസം, ഔചിത്യം ആദിയായ പൗരസ്ത്യസങ്കല്പങ്ങൾ

തമ്മിലുമുണ്ടെന്ന് പറയുന്നതിൽ കെ. ശങ്കരനുണ്ണി നേരത്തെതന്നെ യുക്തിഭദ്രമായ സംശയങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (2006: 147). താനൊരു ഫോർമലിസ്റ്റല്ലെന്നു വ്യക്തമാക്കാനായി എന്താണ് ഫോർമലിസം? എന്ന് ചർച്ചചെയ്യുമ്പോൾ 'പരമാർത്ഥത്തിൽ ഫോമില്ല അവർക്കൊന്നും. വെറും ഫ്രെയിം വർക്കാണ് അവർക്ക് ഫോം' (ജോസഫ് മുണ്ടശ്ശേരി, 2004: 360) എന്ന് കുറ്റപ്പെടുത്തിയിട്ടുണ്ട്. ഈ കുറ്റം വ്യാജമാണ്. ഫോർമലിസത്തിന്റെ മൗലികസ്വഭാവം വാങ്മയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കലാണ്. ഈ അർത്ഥത്തിലും അദ്ദേഹം ഒരു ഫോർമലിസ്റ്റല്ലായിരുന്നെങ്കിലും ഫോർമലിസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ധാരണ രൂപഭദ്രമല്ല.

## രൂപഭദ്രതാവാദം—സാഹിത്യവിമർശനത്തിലെ ധൈഷണികവ്യാപാരം

രൂപഭദ്രതാവാദം നിലനിന്ന കാലത്തിന്റെ സവിശേഷ സാഹചര്യങ്ങളോടു ചേർത്തുനിർത്തിയല്ലാതെ അതിനെ വിശകലനം ചെയ്യാനാകില്ല. ഒരു സിദ്ധാന്തത്തിന്റെ പദവിയിലേക്കുള്ള വളർച്ചയിൽ അതിനെ പല ഘടകങ്ങളും സ്വാധീനിച്ചിട്ടുണ്ട്. പുരോഗമനസാഹിത്യത്തിന്റെയും മാർക്സിസ്റ്റ് വീക്ഷണത്തിന്റെയും ശക്തമായ ഇടപെടലുകൾ കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ നിന്നതുകൊണ്ടാണ് രൂപഭദ്രത സജീവമായ ചർച്ചകൾക്കു വിധേയമായത്.

ഒരു നോവൽ നിരൂപണത്തിനിടയിലെ സൂചന മാത്രമായി തീരേണ്ട വാക്കിനെ എടുത്ത് സാഹിത്യചിന്തകളെ ബാധിക്കുവാൻപോന്ന നിരീക്ഷണമായി എടുത്തുകാട്ടിയത് പുരോഗമനസാഹിത്യത്തിന്റെ വർഗമൂല്യത്തിലും ഭാവഭദ്രതയിലും വിശ്വസിച്ചിരുന്ന ചിന്തകർ തന്നെയായിരുന്നു. പുരോഗമനസാഹിത്യം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾക്ക് ബദൽ മാതൃക എന്ന നിലയിലേക്കുള്ള സ്ഥാനപ്പെടുത്തൽ വാസ്തവത്തിൽ മുണ്ടശ്ശേരിയുടേതല്ല. വാദത്തിന്റെ എതിരാളികളുടേതായിരുന്നു. ആ സ്ഥാനനിർണയത്തിലെയും വിശകലനങ്ങളിലെയും അപാകതകൾ പരിഹരിക്കുന്നതിനും താനുന്നയിച്ച രൂപഭദ്രതയെ നിർവ്വചിച്ചു പരിഹരിക്കുന്നതിനും വേണ്ടിയാണ് പിന്നീട് രൂപഭദ്രതയെന്ന ലേഖനം അദ്ദേഹം എഴുതിയതെന്നുകൂടി ഓർക്കണം. മറുഭാഗത്ത് പുരോഗമനസാഹിത്യം അത്രമേൽ ശക്തമായതുകൊണ്ടാണ് സൂചനകളിൽ മാത്രം ജീവിച്ച, പ്രബലമാകാത്ത ഒരു നിരീക്ഷണധാര മലയാള സാഹിത്യവിമർശനത്തിലെ പ്രയോഗമാതൃകയും കെട്ടുറപ്പുള്ള വാദഗതിയുമായി തീർന്നത്. അതുകൊണ്ടുതന്നെ വെറുമൊരു സാഹിത്യതർക്കമെന്ന നിലയിലല്ല, രൂപഭദ്രതാവാദത്തിന്റെ അസ്തിത്വം.

സാഹിത്യത്തിൽ മാത്രമല്ല സാമൂഹികചരിത്രത്തിലും ഉണ്ടാകുന്ന മാറ്റത്തിന്റെ ഒരു ഘട്ടത്തിലെ ചിഹ്നമാണത്. അതുവഴി രൂപഭദ്രതയുടെ ആശയവഴികൾ സാഹിത്യത്തിലേക്കു മാത്രമല്ല സമൂഹചരിത്രത്തിലേക്കും പടർന്നു നില്ക്കുന്നു. രൂപഭദ്രത സ്വയം ഒരു വാദമെന്ന നിലയിൽ വികസിക്കുകയും സ്വത്വമുറപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ആശയപ്രചരണത്തിൽമാത്രം ദൃഷ്ടിയൂന്നിയിരുന്ന കമ്മ്യൂണിസ്റ്റ സാഹിത്യകാരന്മാർക്കും രൂപഭദ്രതാവാദം ഒരു പുനരവലോകനത്തിന് മാർഗമൊരുക്കി.

സത്വരപ്രതികരണങ്ങൾക്ക് സാധ്യതയൊരുക്കിക്കൊണ്ട് അച്ചടി മാധ്യമങ്ങളും അവയിലെ സാഹിത്യചിന്താപദ്ധതികളും സജീവമായിരുന്നു എന്നത് രൂപഭദ്രതാവാദത്തിന്റെ ക്രമാനുഗതമായ വികസനത്തിനുള്ള മറ്റൊരുകാരണമായി. വ്യത്യസ്ത പ്രസിദ്ധീകരണങ്ങളിലൂടെ നിരവധിപേർ വാദഗതികളുന്നയിച്ചത് രൂപഭദ്രതാവാദത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക് വെളിച്ചംവീശുന്ന അന്വേഷണമായിമാറി.

സാഹിത്യകൃതികളിൽ ഉള്ളടക്കത്തിനും അവതരണരീതിയ്ക്കും സമഞ്ജസമായ പ്രാധാന്യവും ശ്രദ്ധയും ലഭിക്കണമെന്നു വാദിക്കുവാൻ രൂപഭദ്രതാ സിദ്ധാന്തത്തിന് കഴിഞ്ഞു. സാഹിത്യത്തിന്റെ ക്രമപ്പെടുത്തലും വികസനത്വരയും ഇതിൽ കാണാൻ കഴിയും. സാഹിത്യസംബന്ധിയായ പാശ്ചാത്യതത്ത്വശാസ്ത്രങ്ങളിൽ ചിലതൊക്കെ മലയാളത്തിൽ അർത്ഥപൂർണമായി അവതരിപ്പിക്കപ്പെട്ടത് രൂപഭദ്രതാവാദത്തിന്റെ പശ്ചാത്തലത്തിലാണ്. ഫോർമലിസം, സോഷ്യലിസ്റ്റ് റിയലിസം, ക്രിട്ടിക്കൽ റിയലിസം ഇവ അവയിൽ ചിലതുമാത്രമാണ്. രൂപഭദ്രതാവാദം സൃഷ്ടിച്ച ഈ വിമർശന പരിവർത്തനങ്ങളൊന്നും വിലകുറച്ചുകാണാൻ കഴിയുന്നതല്ല.

ഈ വിമർശനപദ്ധതി ഉളവാക്കിയ മറ്റൊരു സർഗാത്മകമായ ഫലം സാഹിത്യസംബന്ധിയായ ആശയസംവാദത്തിലൂടെ നിരവധി നൂതനാശയങ്ങളുടെ രൂപീകരണത്തിനും അവസരമൊരുക്കി എന്നതാണ്. രൂപഭദ്രതാവാദം സാഹിത്യത്തിന്റെ രൂപവും ഭാവവും മാത്രം കേന്ദ്രമാക്കിയുള്ള ചർച്ചകളിലോ അഭിപ്രായപ്രകടനങ്ങളിലോ ഒതുങ്ങുന്നതല്ല. സാഹിത്യത്തെ സാഹിത്യമാക്കുന്ന ഘടകങ്ങൾ കലാതത്വം, കലയുടെ നിലനില്പ്, കലയുടെ ആവശ്യകത, കലാധർമം, സാഹിത്യത്തെ രൂപപ്പെടുത്തിയ സമകാലികവും പൂർവ്വകാലികവുമായ സംഭവങ്ങൾ, ലോകബോധം, കാല്പനികത, യഥാതഥ്യം, സാംസ്കാരികമണ്ഡലം, രചയിതാവ്, കലയുടെ മാനദണ്ഡം, സാഹിത്യനിയമങ്ങൾ, യുക്തി, റിയലിസം, സോഷ്യലിസം, പ്രോഗ്രസീവ് റിയലിസം, കലാശില്പം, സോഷ്യലിസ്റ്റ്

റിയലിസം, മനഃശാസ്ത്രവിജ്ഞാനം തുടങ്ങി വിവിധവിഷയങ്ങളിലേക്ക് പടർന്നുപിടിച്ച ചിന്താധാരയാണ്.

'പുതിയ സാമൂഹ്യവ്യവസ്ഥയ്ക്കു വേണ്ടിയുള്ള പോരാട്ടത്തിൽ ജനങ്ങളെ ആവേശംകൊള്ളിക്കത്തക്ക വിധത്തിലുള്ള രൂപവും ഭാവവും ഉൾക്കൊള്ളുന്ന കലാസാഹിത്യസൃഷ്ടികൾ ഉയർത്തിക്കൊണ്ടുവരാൻ കഴിയണം' (നായനാർ ഇ.കെ, 1989: 44) എന്ന ഒത്തുതീർപ്പുവ്യവസ്ഥ അവസാനം നിർദ്ദേശിക്കപ്പെട്ടിരുന്നു. അതിലും പ്രധാനം ഒടുവിൽ ബാക്കിവന്ന പരികല്പനകളിലേക്ക് നടന്നെത്തുംവരെ തലങ്ങും വിലങ്ങും ഉന്നയിക്കപ്പെട്ട വിമർശനങ്ങളിൽനിന്നും ഒരുപാട് ആശയങ്ങൾ മലയാളവിമർശനപദ്ധതിയുടെ മുതൽക്കൂട്ടിലേക്ക് ചേർത്തുവയ്ക്കാൻ കഴിഞ്ഞെന്നതാണ്.

## ഉപസംഹാരം

മലയാള വിമർശനചരിത്രത്തിൽ തെറ്റിദ്ധാരണകളോടെ വിമർശിക്കപ്പെട്ട ഒരു ആശയപ്രയോഗമാണ് രൂപഭദ്രത. ഈ പരികല്പന ഭാവഭദ്രതയെ നിരാകരിക്കുന്നില്ല. ഭാവരൂപങ്ങളുടെ സമഷ്ടി ചൈതന്യമാണ് കൃതിയുടെ കാതൽ എന്ന വസ്തുതയാണ് ഇത് മുന്നോട്ടുവെയ്ക്കുന്നത്. അങ്ങനെ ആകമാനമുള്ള സാഹിതീയഭദ്രതയെതന്നെ വിശദീകരിക്കുവാനുള്ള ശ്രമം ഈ പരികല്പന നടത്തുന്നു.

പുരോഗമനസാഹിത്യത്തിന്റെയും മാർക്സിസ്റ്റ് വീക്ഷണത്തിന്റെയും വ്യവഹാര വിനിമയങ്ങൾക്കിടയിലേക്കു കടന്നുവന്നതുകൊണ്ടാണ് രൂപഭദ്രത ഇത്രയും സജീവമായ ചർച്ചയ്ക്കും പാകപ്പെടുത്തലിനും വിധേയമായത്. മലയാള സാഹിത്യത്തിൽ തനതായ നൂതനാശയങ്ങൾ അവതരിപ്പിക്കാനും നിരവധി പാശ്ചാത്യതത്വസംഹിതകൾ മലയാളത്തിലേക്കാവിഷ്കരിക്കാനും ഇതിനുകഴിഞ്ഞു. മാത്രമല്ല സാഹിത്യത്തിന്റെ രൂപവും ഭാവവും എന്ന വിഷയത്തിനതീതമായി നിരവധി സർഗാത്മക വിഷയങ്ങളെ സംബന്ധിച്ച ചിന്താപദ്ധതികൾ രൂപപ്പെടുത്തുവാനും രൂപഭദ്രതാവാദം കാരണമായി. സാഹിത്യത്തെ മാനദണ്ഡമാക്കി മലയാള വിമർശചരിത്രത്തിൽ ഉണ്ടായ പ്രസക്തമായ ഒരു സംവാദവും വിമർശനപദ്ധതിയുടെ പ്രയോഗമാതൃകയുമാണ് രൂപഭദ്രതാവാദം.

## കുറിപ്പുകൾ

1. ലോകമെമ്പാടും വർഗസമരങ്ങളുടെ ആശയമണ്ഡലത്തിലായിരുന്നു മാർക്സിസത്തിന്റെ നിലനില്പ്. എന്നാൽ കേരളത്തിൽ തൊഴിലാളി, മുതലാളി എന്ന വർഗഭേദത്തേക്കാൾ രൂക്ഷമായ പ്രശ്നം ജാതിബദ്ധമായ വേർതിരിവുകളായിരുന്നു. കേരളത്തിൽ മാർക്സിസത്തിന് ഈ പ്രശ്നത്തെക്കൂടി അഭിസംബോധന ചെയ്യേണ്ടിവന്നു.

2. 'സൗന്ദര്യാരാധനമാണ് ജീവിതലക്ഷ്യം എന്നു വിശ്വസിക്കുന്നവരുടെ മുദ്രാവാക്യമാണ് 'കല കലയ്ക്കുവേണ്ടി' (Art for Arts Sake). ശുദ്ധകലാവാദം അഥവാ ലാവണ്യവാദം എന്നറിയപ്പെടുന്ന വിശ്വാസപദ്ധതിയുടെ പ്രവാചകരിൽ പ്രമുഖനാണ് വാർട്ടർ പേറ്റർ. കലയ്ക്കു സദാചാരവുമായി സംബന്ധമില്ല. സൗന്ദര്യം വിതയ്ക്കുകയും സൗന്ദര്യാനന്ദം കൊയ്യുകയുമാണ് കലയുടെ ധർമം' (മുരളീധരൻ നെല്ലിക്കൽ, 2011: 176) എന്ന് അവർ വിശ്വസിക്കുന്നു.

3. മംഗളോദയത്തിലാണ് ഇതു പ്രസിദ്ധീകൃതമായതെന്ന് എസ്. ഗുപ്തൻനായർ (2000: 55), തോമസ് മാത്യു (2011: 35) മുതലായവരും, മാതൃഭൂമിയിലാണെന്ന് ചെങ്ങാരപ്പള്ളി നാരായണൻ പോറ്റിയും (.....: 843) പറയുന്നു.

4. തോട്ടിയുടെ മകന്റെ നിരൂപണത്തിൽ എന്നാണ് തോമസ് മാത്യു (2011: 35), കെ. ശങ്കരനുണ്ണി (2006: 142), സുലേഖ എം.ടി. (2003: 51), കെ.എസ്. രവികുമാർ (2008: 170) മുതലായവർ ഏകസ്വരത്തിൽ അഭിപ്രായപ്പെടുന്നു. രണ്ടിടങ്ങഴിയുടെ നിരൂപണമെന്നാണ് പി.വി. വേലായുധൻപിള്ളയുടെ (2011: 800) വ്യത്യസ്താഭിപ്രായം.

5. ഭാവാംശത്തിന് ഉള്ളിൽതന്നെ ഒരാകൃതി കൊടുക്കലാണ് രൂപകല്പനയിൽ ആദ്യത്തെ ഘട്ടം. കഥാപാത്രങ്ങൾ അവയുടെ സ്വഭാവങ്ങൾ, വികാരഭേദങ്ങൾ, അവയേർപ്പെടുന്ന രംഗങ്ങൾ ഇത്യാദിയെ സ്വരൂപിക്കൽ ഇവിടെയാരംഭിക്കുന്നു കവിയുടെ വ്യക്തിത്വം. അവിടെ നിന്ന് അത് പദവാക്യച്ഛന്ദോലങ്കാര നിബന്ധരീതി വരെ വ്യാപിക്കുന്നതായി കാണാം. പദാദികൾ കൊണ്ടു മേല്പറഞ്ഞ രൂപമാവിഷ്കരിക്കലില്ലേ, അത് രൂപനിർമ്മിതിയിൽ പിന്നത്തെ ഘട്ടം. ചുരുക്കത്തിൽ രൂപം ആഭ്യന്തരവും ബാഹ്യവുമെന്നു രണ്ടായിട്ടു ഗ്രഹിക്കണമെന്നുതന്നെ (ജോസഫ് മുണ്ടശ്ശേരി, 2004: 158).

6. മേഘസന്ദേശത്തിനൊരു രൂപമുണ്ടെങ്കിൽ അത് അത്ഭുതപൂർവ്വമായ ആ കവികല്പനയുടെ രൂപമാണ് (ജോസഫ് മുണ്ടശ്ശേരി, 2004: 268).

7. ഭാവമാണ് ജീവൻ എന്ന ശീർഷകത്തിൽ സാഹിത്യത്തിൽ ഭാവരൂപങ്ങൾക്കുണ്ടായിരിക്കേണ്ട സമന്വയമാണിവിടെ അദ്ദേഹം ചർച്ചചെയ്യുന്നത്.

## ഗ്രന്ഥസൂചി


17. അച്യുതൻ, എം., 2011, പാശ്ചാത്യ സാഹിത്യ ദർശനം, ഡി.സി. ബുക്സ്, കോട്ടയം.

18. ആഷാ മേനോൻ, 2000, ജീവന്റെ കൈയൊപ്പ്, ഡി.സി. ബുക്സ്, കോട്ടയം.

19. കുട്ടികൃഷ്ണമാരാര്, ..., തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

20. കൃഷ്ണപിള്ള, എൻ., 2014, കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം.

21. ഗുപ്തൻനായർ, എസ്., 2000, ഇസങ്ങൾക്കപ്പുറം, കറന്റ് ബുക്സ്, തൃശ്ശൂർ.

22. ഗോപാലകൃഷ്ണൻ, പി.കെ., 1987, പുരോഗമന സാഹിത്യപ്രസ്ഥാനം: നിഴലും വെളിച്ചവും, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

23. ഗോവിന്ദപ്പിള്ള പി., 2011, ഇ.എം.എസും മലയാള സാഹിത്യവും, ഡി.സി. ബുക്സ്, കോട്ടയം.
24. ചന്ദ്രശേഖരൻ എം.ആർ., 2007, ജോസഫ് മുണ്ടശ്ശേരി വിമർശനത്തിന്റെ പ്രതാപകാലം, ഗ്രീൻ ബുക്സ്, തൃശ്ശൂർ.
25. ചാക്കോ പി.ടി., 1998, സാഹിത്യതത്ത്വം, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരളസർക്കാർ തിരുവനന്തപുരം.
26. ജയപ്രസാദ് വി., 2014, അവലോകനം, രൂപഭദ്രതാവാദം—പ്രതിവാദം, ജയപ്രസാദ് വി. (എഡി.), സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ്, തിരുവനന്തപുരം.
27. ജോസഫ് മുണ്ടശ്ശേരി, 2004, മുണ്ടശ്ശേരികൃതികൾ വാല്യം -1, കറന്റ് ബുക്സ്, തൃശ്ശൂർ.
28. ജോസഫ് മുണ്ടശ്ശേരി, 2014, രൂപഭദ്രത അഥ പിൻതിരിപ്പനോ മുൻതിരിപ്പനോ, രൂപഭദ്രതാവാദം—പ്രതിവാദം, ജയപ്രസാദ് വി. (എഡി.), സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ്, തിരുവനന്തപുരം.
29. തോമസ് കെ.എം., 1994, മുണ്ടശ്ശേരിയും മലയാള നിരൂപണവും, കറന്റ് ബുക്സ്, തൃശ്ശൂർ.
30. തോമസ് മാത്യു എം., 2004, മുണ്ടശ്ശേരിയുടെ നിരൂപണപദ്ധതി (അവതാരിക), മുണ്ടശ്ശേരികൃതികൾ വാല്യം 1, ജോസഫ് മുണ്ടശ്ശേരി, കറന്റ് ബുക്സ്, തൃശ്ശൂർ.
31. തോമസ് മാത്യു, 2011, ദന്തഗോപുരത്തിലേക്ക് വീണ്ടും, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
32. ദേവദാസ് എം.എസ്., 2008, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
33. നമ്പൂതിരിപ്പാട് ഇ.എം.എസ്., 1996, ഭാവരൂപങ്ങളെപ്പറ്റി വീണ്ടും, സാഹിത്യസംവാദം, ഇ.എം.എസും നിരൂപകന്മാരും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
34. നായനാർ ഇ.കെ., 1984, സാഹിത്യകാരൻ ഏത് ചേരിയിൽ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
35. നാരായണൻ പോറ്റി, ചെങ്ങാരപ്പള്ളി, ...., മലയാളസാഹിത്യസർവ്വസ്വം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
36. പരമേശ്വരൻ നായർ ബി.എ., 2014, സാഹിത്യത്തിലെ ഭാവരൂപങ്ങൾ, രൂപഭദ്രതാവാദം - പ്രതിവാദം, ജയപ്രസാദ് വി. (എഡി.), സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ്, തിരുവനന്തപുരം.
37. 21. മാത്യു ഡാനിയേൽ, 2001, മലയാള വിമർശനത്തിന്റെ സൗന്ദര്യരേഖകൾ, കറന്റ് ബുക്സ്, കോട്ടയം.
38. 22. മുരളീധരൻ നെല്ലിക്കൽ, 2011, വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.

39. രവികുമാർ കെ.എസ്., 2008, ജോസഫ് മുണ്ടശ്ശേരി, മലയാളസാഹിത്യ നിരൂപണം, രാമചന്ദ്രൻ നായർ പന്മന (എഡി.), കറന്റ് ബുക്സ്, കോട്ടയം.

40. രവികുമാർ കെ.എസ്., 2010, ആഖ്യാനത്തിന്റെ അടരുകൾ, ഡി.സി. ബുക്സ്, കോട്ടയം.

41. രവീന്ദ്രൻ പി.പി., 2011, മുണ്ടശ്ശേരി ഒരു പുനർവായന, അനിൽകുമാർ വി.എസ്. (എഡി.), സാഹിത്യ അക്കാദമി, ന്യൂഡൽഹി.

42. ലീലാവതി എം., 2008, സാഹിത്യനിരൂപണത്തിലെ ദിശാബോധം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

43. വാസുദേവൻ തോന്നയ്ക്കൽ, 2010, മലയാള സാഹിത്യവിമർശനം, ചിന്ത പബ്ലി ഷേഴ്സ്, തിരുവനന്തപുരം.

44. വിജയൻ എം.എൻ., 1998, ചിതയിലെ വെളിച്ചം, കറന്റ് ബുക്സ്, തൃശ്ശൂർ.

45. വേലായുധൻപിള്ള പി.വി., 2011, നിരൂപണം, ആധുനിക മലയാള സാഹി ത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ജോർജ് കെ.എം. (എഡി.), ഡി.സി. ബുക്സ്, കോട്ടയം.

46. ശങ്കരനുണ്ണി കെ., 2006, അന്തപ്പായിയുടെയും മുണ്ടശ്ശേരിയുടെയും സാഹിത്യ പക്ഷപാതങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

47. സുകുമാർ അഴീക്കോട്, 1996, മലയാള സാഹിത്യ വിമർശനം, ഡി.സി. ബുക്സ്, കോട്ടയം.

48. സുലേഖ എം.ടി., 2003, മുണ്ടശ്ശേരി നിരൂപണത്തിലെ കലയും കാലവും, കറന്റ് ബുക്സ്, കോട്ടയം.